ഐവർനിലയ്ക്കൽ മുകളിൽ കോളനി.

70. [13] ശ്രീ. പി. ആർ. മാധവൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തൂർ പകുതിയിലെ ഐവർനിലയ്ക്കൽ മുകളിൽ കോളനിയിൽ എത്ര വീടുകൾ പണി തീർത്തിട്ടുണ്ട്; എന്നാണ് അതിന്റെ പണി പൂർത്തിയായത്; കോളനിനിർമ്മാണത്തിന് എന്തു തുക ചെലവായി; ഇതുവരെ എത്ര വീടുകളിൽ ആൾ താമസമായി; കോളനി പണി പൂർത്തിയായിട്ട് രണ്ടുമൂന്നു വർഷങ്ങളായിട്ടും താമസക്കാരാരും വരാത്തതിനു കാരണമെന്ത്;

(ബി) പ്രതിമാസം ഏഴര രൂപ വീതം വാടക കൊടുത്തു താമസിക്കാൻ സ്ഥലത്തെ കർഷകത്തൊഴിലാളികൾക്ക് സാമ്പത്തികശേഷിയില്ലാത്തതാണ് താമസക്കാരില്ലാത്തതിനു കാരണമെന്ന് ഗവണ്മെൻറിനറിയാമോ ? വാടക കൂടാതെ സൗജന്യമായി ടി വീടുകൾ ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾക്ക് താമസിക്കാൻ മയവായി നൽകുമോ ?

ഉത്തരം.

(എ) ഭവനനിർമ്മാണപദ്ധതിപ്രകാരം 20 വീടുകൾ പണിതിട്ടുണ്ട്. 2-5-1955-ൽ. രൂപാ 40,026-3-0. ഇതേവരെ ഒരു വീട്ടിലും ആൾ താമസമായിട്ടില്ല. ആദ്യമായി ഈ ഭവനനിർമ്മാണത്തിനു് അപേക്ഷിച്ചിരുന്ന സഹകരണസംഘത്തിന്റെ ഉത്സാഹക്കുറവുകൊണ്ട് ഇതേവരെ കെട്ടിടങ്ങൾ ഏറ്റു വാങ്ങിയിട്ടില്ല.

(ബി) അറിവില്ല. ഭവനനിർമ്മാണപദ്ധതിപ്രകാരം കെട്ടുന്ന വീടുകൾ സൗജന്യമായി നൽകുവാൻ വ്യവസ്ഥയില്ല.

ചക്കുവള്ളിച്ചിറ പുറമ്പോക്ക്.

71. [14] ശ്രീ. പി. ആർ. മാധവൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് അഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുരനാട്-പോരുവഴിപകുതികളിൽപ്പെട്ട കിടക്കുന്ന ചക്കുവള്ളിച്ചിറയുടെ വികസനം രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; അതിനു് എന്തു തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) ചിറപുറമ്പോക്ക് എത്ര ഏക്കർ ഉണ്ട്; ചിറവികസനത്തിനു അതിൽ എത്ര ഏക്കർ ആവശ്യമുണ്ട്; ബാക്കി വരുന്ന പുറംപോക്കുഭൂമി പോരുവഴിക്കാരൻ ഒരു റേഷൻ കച്ചവടക്കാരൻ പതിച്ചുചെടുക്കാൻ അപേക്ഷിച്ചിട്ടുണ്ടോ; ചിറപുറമ്പോക്കു മുഴുവനംതന്നെ അയാൾക്കു പതിച്ചുകൊടുക്കാൻ ഉണ്ടായ ഉത്തരവു സ്റ്റോറു ചെയ്യുന്നതല്ലേ; ഇനിയും അതു് അയാൾക്കു പതിച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ചിറയുടെ ആവശ്യം കഴിച്ചുള്ള ചിറപുറമ്പോക്കുഭൂമി ചക്കുവള്ളി ജംഗ്ഷനോടു തൊട്ടടുത്തു കിടക്കുന്നതും, ഇതു ശാസ്താംകോട്ട N. E. S. Block ഏരിയായുടെ മധ്യസ്ഥാനത്താണെന്നുള്ളതും പരി

LIBRARY ARCHIVES Kerala Legislative Assembly